റാന്നിയിലെ ജനമൈത്രി പോലീസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി

85 (1837) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ താലൂക്കാസ്ഥാനമായ റാന്നി ടൗണിൽ അനുഭവപ്പെടുന്ന വാഹനത്തിരക്കും, ജനത്തിരക്കുമൂലമുണ്ടാകുന്ന ഗതാഗത സ്തംഭനവും പരിഹരിക്കുന്നതിന് ഹോം ഗാർഡുകളുടെ സേവനം മതിയാകാത്ത സാഹചര്യത്തിൽ റാന്നിയിൽ പ്രത്യേക ട്രാഫിക് പോലീസ് യൂണിറ്റ് അനുവദിക്കുന്നതിന് പുതിയൊരു പ്രൊപ്പോസൽ കൂടി സമർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) റാന്നി പോലീസ് സ്റ്റേഷനിലെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതൊക്കെയെന്നും ഓരോ വിഭാഗത്തിലും എത്ര വീതമാണ് സാങ്ഷൻ സ്ട്രെംഗ്ത് എന്നും വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ഈ ഓരോ വിഭാഗത്തിലും എത്രപേർ വീതമാണ് ജോലിചെയ്യുന്നത് ; അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ തസ്തികകളിലും ഫുൾ സ്ട്രെംഗ്തിൽ ആളെ നിയമിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ജനമൈത്രി പോലീസിംഗ് സെന്ററായി റാന്നിയെ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇപ്രകാരം പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി&സി)

അനുവദിച്ച തസ്തിക		നിലവിലുള്ള തസ്തിക	
സി.ഐ.	1	സി.ഐ.	1
എസ്.ഐ.	1	എസ്.ഐ.	1
എ.എസ്.ഐ.	1	എ.എസ.ഐ.	1
എച്ച്.സി.	7	എച്ച.സി.	7
പി.സി.	25	പി.സി.	24

(ഒഴിവ്-1)

ഒഴിവുള്ള ഒരു പി.സി.-യുടെ തസ്തിക നികത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനമൈത്രി പോലീസ് സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷൻ പരിധിയെ ബീറ്റുകളായി തിരിച്ച് ഓരോ ബീറ്റിലേയും ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ എന്നിവർക്ക് വേണ്ടതായ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

പുതിയ ഫയർ സ്റ്റേഷനുകൾ

86 (1838) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി കഴിഞ്ഞെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഫയർ സ്റ്റേഷനുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 13 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ.

(ബി) 5 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) രണ്ടെണ്ണം 6-1-2011-ൽ ആരംഭിക്കുന്നതാണ്. മറ്റുള്ളവയുടെ ഉദ്ഘാടന തീയതി നിശ്ചയിച്ചിട്ടില്ല.

ഫയർ ആന്റ് റെസ്ക്യൂ ജീവനക്കാർക്കുള്ള ക്ഷേമ പദ്ധതികൾ

87 (1840) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ ജീവനക്കാർക്കായി എന്തെല്ലാം ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly